## ബൈബിൾ പഴയ നിയമവും പത്തു കൽപ്പനകളും: ആവർത്തന പുസ്തകം(5:8)

ബൈബിളും, (ബൈബിൾ  പഴയ നിയമവും പുതിയ നിയമവും,) വിശുദ്ധ ഖുർആനുമൊക്കെ വന്ന ത്, ഏതെങ്കിലും ഒരു പ്രത്യേക ഭാഷയിൽ സംഘടിച്ചു കൂട്ടുപ്രാർത്ഥന നടത്താനോ, ആരാധനാലയങ്ങൾ ഉണ്ടാക്കി-ആരാധനകളും മന്ത്രങ്ങളും ഉരുവിട്ടു-സായൂജ്യമടയാനോ അല്ല. കേവല പ്രാർത്ഥനകൾകൊണ്ട് നാം ഒന്നും നേടുന്നില്ല.  പിന്നെയോ, ദുർബ്ബലരായ മനുഷ്യർക്ക് പ്രാർത്ഥനകൾ മാനസികമായ ഒരാ ശ്വാസം നൽകുന്നു.  (9:103).  "മനുഷ്യന്ന് അവൻ പ്രവർത്തിച്ചതല്ലാതെ മറ്റു വല്ലതുമുണ്ടോ" എന്നാണ് 'ഗീത'യും ബൈബിളും, ഖുർആനും ആവർത്തിച്ചു ചോദിക്കുന്നത്.  (ഖുർആൻ (37:39) (53:39) ആർ അണു മണിത്തൂക്കം നൻമ ചെയ്തുവോ, അതിന്റെ പ്രതിഫലം അവൻ കാണും.  ആർ അണുമണി ത്തൂക്കം തിന്മ ചെയ്തുവോ, അതും അവൻ കാണും. (99:7)  ('മനുഷ്യൻ പ്രവർത്തിച്ചതിനു മാത്രമാണ് അവന്റെ പ്രതിഫലം' എന്നു നൂറുകണക്കിനു സ്ഥലങ്ങളിൽ ഖുർആൻ ഉണർത്തുന്നു. (2:139, 2:200-202, 2:286, 4:121 -124,.....6:127-132, 10:41. 37:38, 37:39, 39:21, 39:24 52:21, 53:39-40, 37:9 39:21,24, 58:6-7, 59:8, 62:8, 64:7-9, 66:7, 67:2, 74:38, 89:24, 94:7-8, 95:6, 99:6, 7:142,144, 60:3, 24:38-41, 101:9, 103:3). മനുഷ്യജീവിത ലക്ഷ്യം (10:14) (18:7) (6:165)  (76:2)

അല്ലാഹു സർവ്വ ശക്തനാണല്ലോ.  നാം എന്തെങ്കിലും കാര്യങ്ങൾ ഉദ്ദേശിക്കുമ്പോൾ-ആഗ്രഹിക്കു മ്പോൾ- ആ നിമിഷം-അല്ല അതിനു മുമ്പെ തന്നെ അല്ലാഹു അതറിയുന്നു.  അങ്ങിനെയുള്ള അല്ലാഹുവിനോ ട്,  ഒരു പുരോഹിതന്റെ ഇച്ഛക്കനുസരിച്ച്, അയാളുടെ പിന്നിൽ വരിവരിയായി നിന്ന്, ആ പുരോഹിതനി ലൂടെ 'ആമീൻ പറഞ്ഞുകൊണ്ട്' പ്രാർത്ഥിക്കുന്നത് ഒരർത്ഥത്തിൽ ആ പുരോഹിതനെ പുകഴ്ത്തലും, അല്ലാഹുവിനെ ഇകഴ്ത്തലുമാണ്.  പൗരോഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്ന മുപ്പത്തിരണ്ടു തെറ്റുകളുള്ള ആ 'കൂട്ടുപ്രാർത്ഥന' (അറബി ഭാഷയിലുള്ള ആ ജമാഅത്ത് നമസ്ക്കാരം) നാം നിർത്തിയാലേ അല്ലാഹു നമുക്ക് ഇനിയെങ്കിലും മാപ്പു തരികയുള്ളു.  പകരം വ്യക്തിപരമായും (ഒറ്റയ്ക്കൊറ്റക്കായി) ആർത്മാർത്ഥ തയോടെയും, രഹസ്യമായും നാം അല്ലാഹുവിനോട് പ്രാർത്ഥിക്കുക (7:205).

ബൈബിൾ പഴയ നിയമത്തിലെ ആ പത്ത് കൽപനകൾ നാം ശരിക്ക് ഉൾക്കൊണ്ട് പഠിക്കുന്നതോടെ എല്ലാ വിശ്വാസികളും വിജയികളാകുന്നു.  കാരണം ഖുർആനിന്റെയും ബൈബിൾ പുതിയ നിയമത്തിന്റെ യും, പഴയനിയമത്തിന്റെയും, ഭഗവത് ഗീതയുടെയും പൊരുൾ - (വേദപഠനത്തിന്റെ അന്തസ്സത്ത ) അതി ലടങ്ങിയതുകാണാം. ഓരോരുത്തരും അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ട് - ഏകദൈവത്തിൽ വിശ്വസിച്ചു കൊണ്ട് - ഭാര്യ-ഭർത്താവ്, പിതാവ്-മാതാവ്, മകൻ-മകൾ, അധ്യാപകൻ-വിദ്യാർത്ഥി, തൊഴിലാളി-മുത ലാളി എന്നിങ്ങനെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും തങ്ങളുടെ കടമകൾ നിർവ്വഹിച്ചുകൊണ്ട്-മന സാ -വാചാ-കർമ്മണാ ആരേയും ഉപദ്രവിക്കാതെ, കഴിയുന്നത്ര നന്മകൾ എല്ലാവർക്കും ചെയ്തുകൊണ്ട് വിശ്വാസത്തോടുകൂടി ജീവിച്ച്, മരണഭയമില്ലാതെ, സംതൃപ്തിയോടെ ജീവിതത്തിന്റെ അടുത്ത അധ്യായ ത്തിലേക്ക് യാത്രയാവുക..!

## ബൈബിൾ പഴയ നിയമത്തിലെ ആ മഹത്തായ 'പത്ത് കൽപനകൾ' ശ്രദ്ധിക്കുക

(1) അടിമവീടായ മിസ്രയീം ദേശത്ത് നിന്ന് (നിങ്ങൾ അടിമകളെപ്പോലെ നരകിച്ചു ജീവിച്ചിരുന്ന ഈജി പ്തിലെ ഫറോവയുടെ ഭരണത്തിൻ കീഴിൽ നിന്ന്) നിന്നെ കൊണ്ടു വന്ന യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു. **ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്.**

(2) **വിഗ്രഹം ഉണ്ടാക്കരുത്.** മീതെ സ്വർഗ്ഗത്തിൽ എങ്കിലും, താഴെ ഭൂമിയിൽ എങ്കിലും, ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും, ഉള്ള യാതൊന്നിന്റെയും പ്രതിമ അരുത്. അവയെ നമസ്ക്കരിക്കുകയോ സേവി ക്കുകയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവ എന്ന ഞാൻ തീക്ഷ്ണതയുള്ള ദൈവമാകുന്നു.

(3) നിന്റെ ദൈവമായ യഹോവയുടെ നാമം നീ വൃഥാ എടുക്കരുത്. തന്റെ നാമം വൃഥാ എടുക്കുന്ന വനെ (ദൈവ നാമം യാതൊരു ഗൗരവവുമില്ലാതെ ചൊല്ലുന്നവനെ) യഹോവ ശിക്ഷിക്കാതെ വിടുകയില്ല.

(4) നിന്റെ ദൈവമായ യഹോവ നിന്നോട് കൽപ്പിച്ചതു പോലെ ശബ്ബത്തുനാൾ ശുദ്ധീകരിച്ചു ആചരി ക്കുക. ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസമോ, നിന്റെ ദൈവമായ

യഹോവയുടെ ശബ്ബത്താകുന്നു. അന്നു നീയും നിന്റെ മകനും, മകളും, നിന്റെ വേലക്കാരനും, വേലക്കാരത്തിയും, നിന്റെ കാളയും, കഴുതയും, നിനക്കുള്ള യാതൊരു നാൽക്കാലിയും, നിന്റെ പടിവാതിലുകൾക്കകത്തുള്ള അന്യനും, ഒരു വേലയും ചെയ്യരുത്. **നിന്റെ വേലക്കാരനും, വേലക്കാരത്തിയും നിന്നെപ്പോലെ സ്വസ്ഥമായി ഇരിക്കേണ്ടതിന്നു തന്നെ**. നീ മിസ്രയീം ദേശത്ത്(ഈജിപ്തിൽ) അടിമയായിരുന്നു എന്നും അവിടെ നിന്നും നിന്റെ ദൈവമായ യഹോവ നിന്നെ ബലമുള്ള കൈകൊണ്ടും, നീട്ടിയ ഭുജം കൊണ്ടും പുറപ്പെടുവിച്ചു എന്നും ഓർക്കുക. അതുകൊണ്ട് ശബ്ബത്തുനാൾ ആചരിപ്പാൻ നിന്റെ ദൈവമായ യഹോവ നിന്നോട് കൽപ്പിച്ചു.

(5). അപ്പനേയും, അമ്മയേയും ബഹുമാനിക്കുക;നിനക്കു ദീർഘായുസ്സുണ്ടാകുവാനും, നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് നിനക്ക് നന്നായിരിപ്പാനും, നിന്റെ ദൈവമായ യഹോവ നിന്നോട് കൽപ്പിച്ചതുപോലെ, നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക,

(6). കൊല ചെയ്യരുത്.

(7). വ്യഭിചാരം ചെയ്യരുത്.

(8). മോഷ്ടിക്കരുത്.

(9). കൂട്ടുകാരന്റെ നേരേ കള്ളസാക്ഷ്യം പറയരുത്.

(10). കൂട്ടുകാരന്റെ ഭാര്യയെ മോഹിക്കരുത്. കൂട്ടുകാരന്റെ ഭവനത്തേയും, നിലത്തേയും, അവന്റെ വേലക്കാരനേയും, വേലക്കാരത്തിയേയും, അവന്റെ കാളയേയും, കഴുതയേയും, കൂട്ടുകാരനുള്ള യാതൊന്നിനേയും മോഹിക്കരുത്.

മോസസിന്റെ (മൂസാ നബിയുടെ ന്യായ പ്രമാണങ്ങളിലെ) ഈ ‘പത്തു കൽപ്പന’കളിൽ ഒന്നുപോലും യേശുദേവൻ തള്ളിപ്പറഞ്ഞിരുന്നില്ല. എന്നാൽ ചില പുരോഹിതൻമാർ, ഇബ്രാഹിം നബിയുടെ പേരിൽ വലിയ ഒരു ‘പുണ്യകർമ്മായി കരുതി’ ബൈബിൾ പഴയ നിയമത്തിൽ എഴുതിച്ചേർത്തിരുന്ന ചേലാകർമ്മം’ എന്ന ‘പരിഛേദനകർമ്മം’ (Circum cision) ഒരു വലിയ ആഘോഷമായും, മതപരമായ ചടങ്ങായും ജൂതൻമാർ അനുഷ്ഠിച്ചിരുന്നു. എന്നു മാത്രമല്ല ജൂതൻമാർ അവരുടെ പഴയ നിയമത്തിൽ നിന്ന് ആകെ പഠിച്ചത് പരിഛേദനമേൽക്കണം’ (ലിംഗാംഗ്രചർമ്മം ഛേദിക്കണം) എന്നു മാത്രമായിരുന്നു. (ഇന്ന് നിലവിലുള്ള സുന്നി-മുജാഹിദ്-ജമാഅത്ത് മൗലവിമാർ ആകെ ചെയ്യുന്നത്, അഞ്ചുനേരം അറബി ഭാഷയിൽ പ്രാർത്ഥിക്കയും, ബാങ്കുകൊടുക്കുകയും ആമിൻ പറയലും ചേലാകർമ്മം ചെയ്യുകയുമാണല്ലോ ഇതിൽ ഒന്നുപോലും ഖുർആനിൽ ഇല്ലല്ലോ: !) അതേ സമയം അടിമക്കച്ചവടത്തിനെതിരായോ, കൊള്ളപ്പലിശക്കാർക്കെതിരെയോ, സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെയൊ അവർ ശബ്ദിച്ചിരുന്നില്ല. എന്നു മാത്രമല്ല, യേശുവിന്റെ കാലത്തെ ഏറ്റവും വലിയ കൊള്ളപ്പലിശക്കാരും, അടിമക്കച്ചവടക്കാരും ജൂതൻമാർ തന്നെയായിരുന്നു. അതുകൊണ്ടാണ് യേശുദേവൻ ചേലാകർമ്മത്തെ കർശനമായി എതിർത്തതും തന്റെ കൂടെയുള്ള ശിഷ്യൻമാരോടും ചേലാകർമ്മം നിർത്തലാക്കാൻ ആഹ്വാനം ചെയ്തതും. **അങ്ങിനെ ‘അതിക്രമങ്ങളിലും അവരുടെ തന്നെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവ രായിരുന്ന ‘ജൂതസഹോദരങ്ങൾക്ക് ജീവൻ നല്കികൊണ്ടാണ്’** (അപ്പോസ്തലനായ പൗലോസ് കൊലോസ്സ്യർക്ക് എഴുതി ലേഖനം. (2:13) യേശുദേവൻ തന്റെ നവോത്ഥാന വിപ്ലവ പ്രസ്ഥാനം ജറുസലേമിൽ നടപ്പിലാക്കിയത്. (**ചേലാകർമ്മം അനിസ്ലാമികം** എന്ന ഗ്രന്ഥം ഇതോടൊപ്പം ചേർത്തു വായിക്കുക). എന്നാൽ വിശുദ്ധ പൗലോസാവട്ടെ, ക്രിസ്തുദേവൻ ചേലാകർമ്മം ‘നിർത്തലാക്കിയതിന്റെ’ മറപിടിച്ചു, അതിലൂടെ ‘ബൈബിൾ പഴയ നിയമത്തിലെ ഏതാണ്ടെല്ലാ (പത്ത്) കൽപ്പനകളും’ നിരോധിച്ചു. എന്നു മാത്രമല്ല ‘ന്യായപ്രമാണങ്ങളെ അനുസരിക്കുന്നവൻ ശാപഗ്രസ്ഥനാണെന്നുവരെ’ പൗലോസ് പുലമ്പിക്കളഞ്ഞു. അങ്ങനെ ‘ദൈവത്തിനു വിഗ്രഹങ്ങൾ ഉണ്ടാക്കരുത്, വിഗ്രഹങ്ങളെ വണങ്ങരുത്’ എന്ന രണ്ടാമത്തെ കൽപ്പന കാറ്റിൽ പറത്തിക്കൊണ്ടു ‘കുരിശു പൂജ’യും, ‘കുരിശുവര’യും ബിംബാരാധനയുമായി ആധുനിക ക്രിസ്തുമതത്തെ പൗലോസ് ലോക ജനതക്കിടയിൽ പ്രചരിപ്പിക്കാൻ തന്റെ എല്ലാവിധ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക-സൈനിക സ്വാധീനങ്ങളും ഉപയോഗിച്ചു.

മുആവിയയും അബൂഹുറയ്റയും ഇസ്ലാമിന്നു (ഖുർആനു) പകരം 'സുന്നത്ത് ജമാഅത്ത്' എന്ന (ഹദീസ്) മതം ഉണ്ടാക്കി ലോകത്തു പരത്തിയതുപോലെത്തന്നെയാണ് പൗലോസ് യേശുദേവന്റെ ശാന്തി മാർഗ്ഗത്തിനുപകരം തന്റെ 'ക്രിസ്തുമതം' ക്രിസ്തുവിനെക്കുറിച്ചുള്ള അഭിപ്രായം (യേശുദേവനെക്കുറിച്ചുള്ള വികലമായകാഴ്ചപ്പാട്) ലോകത്തു പരത്തിയ്ത്.

**ഡോ:എം. അബ്ദുൾ ജലീൽ, പുറ്റെക്കാട്**
ഖുർആൻ സുന്നത്ത് സൊസൈറ്റി
കേന്ദ്ര നിർവ്വാഹക സമിതി അംഗം
ചെയർമാൻ, ഇസ്ലാമിക് റിസർച്ച് ആൻഡ്
പ്രൊപ്പഗേഷൻ സെന്റർ (IRPC)
കോഴിക്കോട്.

www.khur-aansunnathsociety.com
www.chekanoormoulavi.com